6. സെയിൽസ് ടാക്സ് കുടിശ്ശിക ഒഴികെയുള്ള മറ്റു കുടിശ്ശികൾ പുനഃക്രമീകരിക്കുകയും 5 വർഷത്തേക്ക് അധിക കാലാവധി നൽകുകയും ചെയ്യുന്നു.

7. മാർജിൻ മണി ലോണിന്റെ പലിശയും പിഴപ്പലിശയിലും ചില ഇളവുകൾ നൽകുന്നു.

വനമേഖല സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

21(*111) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖല സംരക്ഷിക്കുന്നതിനും റിസർവ് വന വിസ്തൃതി കൂട്ടുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ എത്ര ഏക്കർ ഭൂമി റിസർവ്വ് വനമായി ഏറ്റെടുത്തിട്ടുണ്ട് ;

(സി) വനം കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വനങ്ങളുടെ സംരക്ഷണത്തിനായി വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) വനമേഖല സംരക്ഷിക്കുന്നതിനും റിസർവ്വ് വനവിസ്തൃതി കൂട്ടുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :

1. വനാതിർത്തികൾ സർവ്വെ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

2. വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു. ജി.ഒ.(എംഎസ്.)3/2011/വനം തീയതി 29-1-2011 പ്രകാരം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇനിയും കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. വനങ്ങളേയും, വന്യജീവികളേയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വർഷംതോറും നടപ്പിലാക്കിവരുന്നുണ്ട്.

4. വനസംക്ഷണവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ പങ്കാളിത്ത വനപരിപാലന പദ്ധതിയും, പങ്കാളിത്ത കാട്ടുതീ നിയന്ത്രണ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

5. വനം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഫലപ്രദമാക്കാൻ വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

6. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും, വ്യാജചാരായ വാറ്റും നിർമ്മാർജ്ജനം ചെയ്യാൻ വനംവകുപ്പ് നേരിട്ടും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരും ചേർന്നും റെയിഡുകളും മറ്റ് അന്വേഷണങ്ങളും നടത്തിവരുന്നുണ്ട്.

7. ജൈവ വൈവിദ്ധ്യത്തിന്റെയും വന്യജീവികളുടേയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

8. സംസ്ഥാനത്തെ വനംകയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

9. പാട്ട വ്യവസ്ഥ ലംഘിക്കുന്ന ഭൂമികൾ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10. കയ്യേറ്റങ്ങൾ യഥാസമയം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48310.81 ഏക്കർ ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

വാഗമൺ	1086.95	ഏക്കർ
കുറിഞ്ഞിമല	7904	ഏക്കർ.
മാങ്കുളം	22253.37	ഏക്കർ
കെ.ഡി.എച്ച്. റിസർവ്വ്	17066.49	ഏക്കർ
ആകെ	48310.81	ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ച് വരുന്നു. കയ്യേറ്റത്തിന് വിധേയമായ 141.51 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 6-11-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റിയും 6-3-2003-ലെ ജി.ഒ. (എംഎസ്.)15/2003/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

(ഡി) വന സംരക്ഷണത്തിന്റെ ഭാഗമായി വനത്തോട് ചേർന്നും വനത്തിനകത്തും താമസിക്കുന്ന വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കി വരുന്നു. വനത്തിന് ഹാനികരമായ കാട്ടുതീ, നായാട്ട്, വ്യാജവാറ്റ്, അനധികൃത മരം മുറി, കഞ്ചാവ് കൃഷി, കാലിമേച്ചിൽ, അനധികൃത വനവിഭവശേഖരണം എന്നിവയിൽ നിന്ന് വനത്തെ സംരക്ഷിക്കുക, വനപരിപാലന പ്രവൃത്തികൾ നടത്തുക എന്നിവയിലൂടെ വന സംരക്ഷണ പ്രവൃത്തികളിൽ വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ദേശീയ വനവൽക്കരണ പദ്ധതി, നാഷണൽ ബാംബു മിഷൻ, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ്, ഇക്കോ ടൂറിസം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

22(*112) ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സെക്കണ്ടറി വിദ്യാഭ്യാസ വികസനത്തിനായി കേരളത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly